Ref: 3055/K-5/KCBC/OL/DS 20.12.2017

# 2018 ജനുവരി 15 കർഷകദിനം
## കെസിബിസി ഇൻഫാം പുറപ്പെടുവിക്കുന്ന സർക്കുലർ

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

അസംഘടിത കർഷകസമൂഹത്തിന്റെ അതിജീവനം ലക്ഷ്യമാക്കി കേരള കത്തോലിക്കാ സഭയുടെ നേതൃത്വത്തിൽ ഒന്നര പതിറ്റാണ്ട് മുമ്പ് രൂപീകരിക്കപ്പെട്ട സ്വതന്ത്ര കർഷകപ്രസ്ഥാനമാണ് ഇൻഫാം. വിളകളുടെ വിലത്തകർച്ചയും കീടബാധയും വന്യമൃഗശല്യവും കടക്കെണിയുംമൂലം ആത്മഹത്യയുടെ വക്കിലെത്തിയ കർഷകസമൂഹത്തിന് സാന്ത്വനമേകുവാൻ ദൈവനിയോഗം പോലെ രൂപംകൊണ്ട ഇൻഫാമിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട കർഷക പോരാട്ടങ്ങൾ ചരിത്രത്താളുകളിൽ ഇന്നും ജ്വലിച്ചുനിൽക്കുന്നു. ഇത്തരം ജനകീയ പോരാട്ടങ്ങളിലൂടെ കാർഷിക പ്രശ്നങ്ങൾ ഭരണാധികാരികളുടെയും രാഷ്ട്രീയ നേതൃത്വങ്ങളുടെയും ശ്രദ്ധയിൽ കൊണ്ടുവരുവാനും ഒട്ടനവധി കാർഷികപ്രശ്നങ്ങൾക്ക് പരിഹാരം സാധ്യമാക്കുവാനും കഴിഞ്ഞുവെന്നത് അഭിമാനപൂർവ്വം സ്മരിക്കുന്നു.

പക്ഷേ ആഗോളവൽക്കരണത്തിന്റെയും കമ്പോളവൽക്കരണത്തിന്റെയും ഈ കാലഘട്ടത്തിൽ കാർഷിക മേഖലയിൽ പരിഹരിക്കപ്പെടേണ്ട നിരവധി പ്രശ്നങ്ങൾ ഇനിയും അവശേഷിക്കുന്നുണ്ട്. കാർഷികോല്പന്നങ്ങളുടെ വില തകർന്നടിഞ്ഞുകൊണ്ടിരിക്കുന്നു. ഉല്പാദനച്ചെലവ് വർദ്ധിക്കുന്നു. തൊഴിലാളി ക്ഷാമം രൂക്ഷമാണ്. വന്യമൃഗശല്യംമൂലം വിളകൾ നശിപ്പിക്കപ്പെടുന്നു. കാലാവസ്ഥാവ്യതിയാനം കാർഷികമേഖലയെ പ്രതികൂലമായി ബാധിച്ച് ഉല്പാദനത്തിലും വൻ ഇടിവ് സൃഷ്ടിച്ചിരിക്കുന്നു. കടബാധ്യത കർഷകന്റെ ഉറക്കംകെടുത്തുകമാത്രമല്ല ജീവനും തട്ടിയെടുക്കുന്നു. കീടബാധമൂലം വിളകൾ നശിക്കുന്നു.

പകലന്തിയോളം പണിയെടുത്ത് രാജ്യത്തെ മുഴുവൻ ജനങ്ങൾക്കും ആവശ്യമായ ഭക്ഷ്യവസ്തുക്കളും വ്യവസായങ്ങൾക്ക് ആവശ്യമായ അസംസ്കൃതവസ്തുക്കളും ഉല്പാദിപ്പിക്കുന്ന കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടണമെങ്കിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ അടിയന്തരവും ഫലപ്രദവുമായ ഇടപെടൽ അനിവാര്യമാണ്.

കാർഷികോല്പന്നങ്ങൾക്ക് വിലസ്ഥിരത ഉറപ്പുവരുത്തണം. മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണത്തിലൂടെ കർഷകർക്ക് അധികവരുമാനം ലഭ്യമാക്കണം. മലയോരമേഖലയിലെ വന്യമൃഗശല്യത്തിന് ശാശ്വതപരിഹാരം കണ്ടെത്തണം. കാർഷിക കടങ്ങൾ എഴുതിത്തള്ളണം. കർഷകന് പലിശരഹിതവായ്പ ലഭ്യമാക്കണം. നാടിനുവേണ്ടി സേവനം ചെയ്യുന്ന കർഷകന് വാർദ്ധക്യാവസ്ഥയിൽ പ്രതിമാസം പതിനായിരം രൂപ പെൻഷൻ നൽകണമെന്ന 2015 ലെ സംസ്ഥാന കാർഷികനയത്തിലെ നിർദ്ദേശം നടപ്പിലാക്കണം. കേന്ദ്രസംസ്ഥാന സർക്കാരുകൾ കാർഷിക ബഡ്ജറ്റ് അവതരിപ്പിക്കണം. കർഷകപ്രതിനിധികളെ ഉൾപ്പെടുത്തി കാർഷിക കമ്മീഷൻ രൂപീകരിക്കണം. ഇത്തരം ന്യായമായ ആവശ്യങ്ങൾ നേടിയെടുക്കണമെങ്കിൽ ജാതിമതഭേദമെന്യേ കർഷകർ ഒറ്റക്കെട്ടായി മുന്നോട്ടുവരേണ്ടതുണ്ട്.

കാർഷികവൃത്തിയോടുള്ള യുവജനതയുടെ അവഗണനയും ഗൗരവപൂർവ്വം ചർച്ചചെയ്യപ്പെടേണ്ട വിഷയമാണ്. കാർഷികവൃത്തി ആദായകരമല്ലാത്തതുകൊണ്ടും കർഷകർക്ക് അർഹമായ പരിഗണന ലഭിക്കാത്തതുകൊണ്ടും യുവജനങ്ങൾ കാർഷികവൃത്തിയിൽ നിന്നും അകന്നുനിൽക്കുകയാണിന്ന്. ഇത് ആശങ്കാജനകമായ അവസ്ഥയാണ്. വരുംതലമുറകളും കാർഷികവൃത്തി തുടർന്നാൽമാത്രമേ ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുവാൻ സാധിക്കുകയുള്ളൂ. കാർഷികവൃത്തി ഒരു സംസ്കാരത്തിന്റെ ഭാഗമായിട്ടാണ് പഴയതലമുറ കണ്ടിരുന്നത്. അത് കുടുംബബന്ധങ്ങളെ ഊട്ടിയുറപ്പിച്ച സ്നേഹസംസ്കാരമായിരുന്നുവെന്ന സത്യം യുവതലമുറ തിരിച്ചറിയണം. മണ്ണും മനുഷ്യനും പ്രകൃതിയും സമന്വയിക്കപ്പെടുമ്പോൾ രൂപംകൊള്ളുന്ന ജീവസംസ്കൃതിയാണ് കാർഷികവൃത്തിയുടെ അന്തഃസത്ത. അതോടൊപ്പം പ്രകടമാകുന്ന ആത്മീയതയുടെ ഫലവും വിസ്മരിച്ചുകൂടാ.

സ്രഷ്ടാവായ ദൈവവും സൃഷ്ടികളായ മനുഷ്യനും പ്രകൃതിയും തമ്മിലുള്ള സമന്വയമാണ് കാർഷികവൃത്തിയിൽ നാം ദർശിക്കുന്ന ആത്മീയത. ഫലസമൃദ്ധമായ ഏദൻതോട്ടത്തിന്റെ കാവൽക്കാരും പരിപാലകരുമായി ദൈവം ചുമതലപ്പെടുത്തിയത് മനുഷ്യരെയാണ്. ദൈവിക രഹസ്യങ്ങൾ വെളിപ്പെടുത്താൻ ദിവ്യനാഥൻ ഉപയോഗിച്ച ഉപമകളിൽ പലതും കാർഷികവൃത്തിയുമായി ബന്ധപ്പെട്ടതാണ്. ഭൂമിയെയും നദികളെയും പൂജിക്കുന്ന ആർഷഭാരത സംസ്കാരം ഈ ആത്മീയതയുടെ ഭാഗമാണ്. അതുകൊണ്ട് ഭക്ഷ്യോല്പാദനം മനുഷ്യന്റെ നിലനിൽപ്പിന് അനിവാര്യമാണെന്ന സത്യം തിരിച്ചറിഞ്ഞുകൊണ്ടും കാർഷിക

വൃത്തിയിൽ അന്തർലീനമായിരിക്കുന്ന ജീവസംസ്കാരവും ആത്മീയതയും ഉൾക്കൊണ്ടുകൊണ്ടും യുവജനങ്ങൾ കാർഷികവൃത്തിയിൽ ഏർപ്പെടാൻ സ്വയം സന്നദ്ധരാകണം.

അവകാശങ്ങൾ നേടിയെടുക്കുവാനുള്ള പോരാട്ടങ്ങളോടൊപ്പം സ്വയം പര്യാപ്തത കൈവരിക്കാനുള്ള മാർഗ്ഗങ്ങളെക്കുറിച്ചും കർഷകർ ചിന്തിക്കേണ്ടതുണ്ട്. ഏകവിളയിൽ നിന്നും ബഹുവിളകൃഷിയിലേയ്ക്ക് കർഷകർ മാറണം. ജൈവകൃഷിരീതി അവലംബിക്കണം. അടുക്കളത്തോട്ടങ്ങളിൽ വിഷരഹിത പച്ചക്കറികൾ ഉൾപ്പെടെയുള്ള ഭക്ഷ്യവസ്തുക്കൾ ഉല്പാദിപ്പിച്ച് ഭക്ഷ്യസുരക്ഷയും ആരോഗ്യസുരക്ഷയും ഉറപ്പുവരുത്തണം. ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കാൻ ഇടവകതോറും ഞായറാഴ്ച ചന്തകൾ ആരംഭിക്കണം. പാഴായിപ്പോകുന്ന ചക്ക, കശുമാമ്പഴം തുടങ്ങിയ ഭക്ഷ്യവസ്തുക്കൾ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റുവാനുള്ള സംരംഭങ്ങൾ തുടങ്ങണം. പശുവളർത്തൽ, കോഴിവളർത്തൽ തുടങ്ങിയ സംരംഭങ്ങളിലൂടെ അധികവരുമാനം ഉറപ്പുവരുത്തണം. ഗ്രാമസഭകളിൽ സജീവമായി പങ്കെടുക്കുകയും കാർഷികപ്രശ്നങ്ങൾ അവതരിപ്പിക്കുകയും വേണം. സർക്കാർ ആനുകൂല്യങ്ങൾ നേടിയെടുക്കാൻ പ്രാദേശികതലത്തിൽ കർമ്മസമിതികൾ രൂപീകരിക്കണം. തൊഴിലാളിക്ഷാമം പരിഹരിക്കാനും ഉല്പദനച്ചെലവ് കുറയ്ക്കാനും ലക്ഷ്യമിട്ടുകൊണ്ട് പണ്ടുകാലത്ത് ഉണ്ടായിരുന്ന മാറ്റാൾപണി പുനരാരംഭിക്കണം. ഇത്തരം ക്രിയാത്മക മാർഗ്ഗങ്ങളിലൂടെ നമുക്ക് ഒരു പരിധിവരെ സ്വയം പര്യാപ്തത കൈവരിക്കാൻ കഴിയും.

കാർഷികമേഖലയോടൊപ്പം സഭാവിശ്വാസികൾ ഉപജീവനത്തിനായി ഏറെ ആശ്രയിക്കുന്ന മത്സ്യബന്ധനമേഖലയും നമ്മുടെ വിചിന്തനത്തിന് വിധേയമാക്കണമെന്ന് ഞാൻ കരുതുന്നു. കടലിന്റെ മക്കൾ ഇന്ന് അനുഭവിക്കുന്ന അരക്ഷിതാവസ്ഥ ആശങ്കാജനകവും ഭീതിജനകവുമാണ്. അടുത്തനാളിൽ കേരളത്തിലുൾപ്പെടെ വീശിടയിച്ച ഓഖി ചുഴലിക്കാറ്റിന്റെ ദുരന്തങ്ങൾ ഏറെ അനുഭവിച്ചത് മത്സ്യത്തൊഴിലാളികളാണ്. കടലിൽ മത്സ്യബന്ധനത്തിനുപോയ തങ്ങളുടെ ഉറ്റവർ മടങ്ങിവരാതായപ്പോൾ അലമുറയിട്ട് കരയുന്ന അമ്മമാരുടെ നിസ്സഹായാവസ്ഥ ആരെയാണ് വേദനിപ്പിക്കാത്തത്? ഒട്ടേറെ സഹോദരങ്ങളുടെ വിലപ്പെട്ട ജീവനാണ് അപഹരിക്കപ്പെട്ടത്. എല്ലാം നഷ്ടപ്പെട്ട കടലിന്റെ മക്കളുടെ ദുഃഖത്തിൽ പങ്കുചേരുവാനും അവരെ ആശ്വസിപ്പിക്കുവാനും മാത്രമല്ല എല്ലാവിധ സഹായങ്ങളുമായി സഭ മുന്നോട്ടുവന്നുവെന്നത് ശ്ലാഘനീയമാണ്. തീരദേശജനതയുടെ പുനരുദ്ധാരണത്തിന് നമുക്ക് ഒറ്റക്കെട്ടായി കൈകോർക്കാം. വീടുകൾ നഷ്ടപ്പെട്ടവരുടെ പുനരധിവാസം സർക്കാർ ഉറപ്പുവരുത്തണം. വള്ളവും വലയും ബോട്ടും നഷ്ടമായവർക്ക് പൂർണ്ണനഷ്ടപരിഹാരം ലഭ്യമാക്കണം. മത്സ്യത്തൊഴിലാളികളുടെ കടങ്ങൾ എഴുതിത്തള്ളണം. മേലിൽ ഇത്തരം വൻ ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കാനാവശ്യമായ മുന്നറിയിപ്പുകൾ യഥാസമയം നൽകണം. ന്യായമായ ഈ ആവശ്യങ്ങൾ അംഗീകരിക്കാൻ ജനകീയ സർക്കാരിന് ധാർമ്മികബാധ്യതയുണ്ടെന്ന കാര്യം ബോധ്യപ്പെടുത്തട്ടെ. മലയോര തീരദേശ കർഷകസമൂഹം സംഘടിച്ചുനീങ്ങേണ്ടതും സഹകരിച്ചുപ്രവർത്തിക്കേണ്ടതും അടിയന്തരമാണ്.

ആഗോളതലത്തിലെ കാർഷിക വ്യാപാരമാറ്റങ്ങളെയും കരാറുകളെയും നമ്മൾ നോക്കിക്കാണുകയും പഠിക്കുകയും വിലയിരുത്തുകയും വേണം. രാജ്യാന്തര കാർഷികവിപണിയായി ഇന്ത്യ മാറുമ്പോൾ ഈ മണ്ണിലെ കർഷകരും സംരക്ഷിക്കപ്പെടണം. ലോകവിപണികളുമായി മത്സരിക്കുവാനുള്ള കരുത്ത് നാം ആർജിക്കണം. ഇതിനായി സംഘടിച്ചുനീങ്ങുന്നതിനോടൊപ്പം രാഷ്ട്രീയ നിലപാടുകളും ഭരണപങ്കാളിത്തങ്ങളും കർഷകർക്കുണ്ടാകണം.

കേരളത്തിലെ കത്തോലിക്കാ മെത്രാൻസമിതിയുടെ തീരുമാനപ്രകാരം 2010 മുതൽ എല്ലാവർഷവും ജനുവരി 15 ഇൻഫാം കർഷകദിനമായി ആചരിക്കുകയാണല്ലോ. ഈ വർഷവും വിപുലമായ പരിപാടികളാണ് കർഷദിനത്തോടനുബന്ധിച്ച് സംഘടിപ്പിക്കുന്നത്. കൃഷിയുടെയും കർഷകന്റെയും മഹത്വവും നന്മകളും ഓർമ്മപ്പെടുത്താനുള്ള ഒരു സുവർണ്ണാവസരംകൂടിയാണ് കർഷകദിനം. കർഷകസെമിനാറുകളും പൊതുയോഗങ്ങളും സംഘടിപ്പിച്ചുകൊണ്ട് കാർഷികപ്രശ്നങ്ങൾ ഭരണാധികാരികളുടെയും പൊതുസമൂഹത്തിന്റെയും ശ്രദ്ധയിൽപെടുത്തുവാനും വിഘടിച്ചുനിൽക്കാതെ സംഘടിച്ചുനീങ്ങേണ്ടതിന്റെ ആവശ്യകത കർഷകരെ ബോധ്യപ്പെടുത്തുവാനും കർഷകദിനത്തിൽ നാം ശ്രമിക്കണം. ഇടവക, യൂണിറ്റ് തലങ്ങളിൽ കർഷകരെ ആദരിക്കണം. ഇൻഫാം യൂണിറ്റുകൾ ഇല്ലാത്ത ഇടവകകളിൽ ബഹു.വികാരിയച്ചൻമാരുടെ നേതൃത്വത്തിൽ കർഷകരായ നാനാജാതി മതസ്ഥരെ ഉൾപ്പെടുത്തികൊണ്ട് യൂണിറ്റുകൾ രൂപികരിക്കണം.

ദൈവപിതാവിന്റെ സൃഷ്ടികളായ മനുഷ്യമക്കൾക്ക് അന്നന്നുവേണ്ടുന്ന ആഹാരം നൽകാൻ സഹകാരികളായി വർത്തിക്കുന്ന കർഷകരോടൊപ്പം കത്തോലിക്കാസഭ നിലകൊള്ളുമെന്ന് ആവർത്തിച്ചുപറയട്ടെ. ജീവിക്കുവാൻ വേണ്ടിയുള്ള ഇന്നലകളിലെ കുടിയേറ്റ കാലഘട്ടങ്ങളിലും സർക്കാരുകളുടെ അതിക്രൂരമായ കുടിയിറക്കുവേളകളിലും അഭിവന്ദ്യരായ സഭാപിതാക്കന്മാരും, വൈദികരും, അല്മായരും പ്രവാചകധീരതയോടെ കർഷകർക്കൊപ്പം നിലകൊണ്ട് പോരാടിയ ചരിത്രം പ്രത്യേകം സ്മരിക്കുന്നു. പ്രതിസന്ധികളുടെ ഈ നാളുകളിലും കർഷകമക്കൾക്ക് സാന്ത്വനമേകാനും ശക്തിപകരാനും നേതൃത്വം നൽകിക്കൊണ്ടിരിക്കുന്ന

ബഹു. വൈദികരെ പ്രത്യേകം അഭിനന്ദിക്കുന്നു. വിഷമഘട്ടങ്ങളിൽ തളരാതെ കൂടുതൽ കരുത്തോടെ പുത്തൻ പ്രതീക്ഷകളുമായി മുന്നേറുവാൻ നമുക്കാകണം. ഇൻഫാമിനു നേതൃത്വം കൊടുക്കുന്ന എല്ലാ ഭാരവാഹികളെയും പ്രത്യേകം അഭിനന്ദിക്കുന്നു.

കേരള കത്തോലിക്കാ മെത്രാൻ സമിതിക്കുവേണ്ടി,

**ബിഷപ് മാർ മാത്യു അറയ്ക്കൽ**

ഇൻഫാം എപ്പിസ്കോപ്പൽ അഡ്വൈസർ

പി.ഒ.സി, കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം.
കൊച്ചി - 682 025

N:B: 2018 ജനുവരി 7-ാം തീയ്യതി ഞായറാഴ്ച ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാ സഭകളിലെ എല്ലാ ദൈവാലയങ്ങളിലും, ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ, ഇതിലെ ആശയങ്ങൾ വിശ്വാസിസമൂഹത്തിന് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.